**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **09-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രമാതീതമായ വാഹനപ്പെരുപ്പവും ശരിയായ ഡ്രൈവിംഗ് സംസ്കാരത്തിന്റെ അഭാവവുമാണ് റോഡപകടങ്ങൾക്ക് മുഖ്യകാരണമെന്നതുകൊണ്ട് പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഗതാഗത നിയമലംഘനം കർശനമായി തടയുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) | പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, യാത്ര സൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്) നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികളിൽ വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തൽ, അമിത വേഗത, അമിത ശബ്ദ സംവിധാനം, സ്പീഡ് ഗവർണ്ണർ വിച്ഛേദിക്കൽ മുതലായ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സ്പെഷ്യൽ ഡ്രൈവുകൾ മോട്ടോർ വാഹന വകുപ്പ് നടത്തുന്നുണ്ട്.<br>കൂടാതെ, വടക്കഞ്ചേരി ബസ് അപകടത്തെ തുടർന്ന് കോൺട്രാക്ട് കാര്യേജുകൾ/ സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവയിലെ നിയമ ലംഘനങ്ങൾ കർശനമായി തടയുന്നതിനായി ഒരു ത്രിതല പരിശോധന സംവിധാനം കൂടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കോൺട്രാക്ട് കാര്യേജുകൾ/ സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ എന്നിവയുടെ നിരീക്ഷണ ചുമതല എ.എം.വി.ഐ/എം.വി.ഐ. എന്നിവർക്ക് വീതിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീതിച്ചു നൽകിയിട്ടുള്ള വാഹനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയമ ലംഘനങ്ങൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡിന്റെ കൺട്രോൾ ചെക്കിംഗിലോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ സൂപ്പർ ചെക്കിംഗിലോ കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ ചുമതല |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഗതാഗത സംവിധാനം അപകടരഹിതവും കാര്യക്ഷമവുമാക്കുന്നതിന് ഏകീകൃത ട്രാഫിക് മാനേജ്മെന്റ് സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഏകീകൃത ട്രാഫിക് മാനേജ്മെന്റ് സംവിധാനം പാൻ ഇന്ത്യാ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ രൂപീകരിച്ച പദ്ധതിയാണ്. ഒരു എക്സിക്യൂട്ടീവ് വെബ് പോർട്ടലിലൂടെ വീഡിയോ ക്ലിപ്പുകൾ, ഇമേജുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ട്രാഫിക് ലംഘനങ്ങൾ പകർത്തി അയച്ചുകൊണ്ട്, പൊതുജനങ്ങൾക്ക് വകുപ്പിന്റെ എൻഫോഴ്സ്മെന്റിനെ സഹായിക്കാൻ ഉദ്ദേശിച്ച് കൊണ്ടാണ് ടി പദ്ധതി നടപ്പിൽ വരുന്നത്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ വികസിപ്പിച്ച വാഹൻ സോഫ്റ്റ് വെയറിന്റെ ഇ-ചെലാൻ മൊഡ്യൂൾ വഴിയാണ് ഈ സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ടി പദ്ധതി പാൻ ഇന്ത്യാ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഒരു സംവിധാനം രൂപകല്പന ചെയ്തിട്ടില്ല. |
| (സി) | ആഡംബര ബസുകളും സ്വകാര്യ ആഡംബര വാഹനങ്ങളും നടത്തുന്ന നിയമലംഘനങ്ങൾ വലിയ അപകടങ്ങൾക്ക് വഴി വയ്ക്കുന്നു എന്നതുകൊണ്ട് അവ കർശനമായി തടയാൻ പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ; ഓപ്പറേഷൻ ഫോക്കസ്-3 കാര്യക്ഷമമായി തുടരുന്നുണ്ടോ എന്ന് അറിയിക്കുമോ; | (സി) | ആഡംബര ബസുകളുടെയും, സ്വകാര്യ ആഡംബര വാഹനങ്ങളുടെയും നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും, അവ ആവർത്തിക്കാതിരിക്കുവാനും മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വടക്കഞ്ചേരി ബസ് അപകടത്തെ തുടർന്ന് കോൺട്രാക്ട് കാര്യേജുകൾ/ സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവയിലെ അനധികൃത രൂപമാറ്റം, അമിത വേഗത, അമിത ശബ്ദ സംവിധാനം, സ്പീഡ് ഗവർണ്ണർ വിച്ഛേദിക്കൽ മുതലായ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി 07/10/2022 മുതൽ 30/10/2022 വരെ ഓപ്പറേഷൻ ഫോക്കസ്-3 എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് മോട്ടോർ വാഹന വകുപ്പ് നടത്തിയിട്ടുണ്ട്.<br><br>പ്രസ്തുത ഡ്രൈവിൽ 13,587 കേസുകൾ രജിസ്റ്റർ ചെയ്യുകയും 46,08,930/- (നാല്പത്തിയാറ് ലക്ഷത്തി എട്ടായിരത്തി തൊള്ളായിരത്തി മുപ്പത്) പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 287 ഡ്രൈവിംഗ് ലൈസൻസുകൾക്ക് അയോഗ്യത കല്പിക്കുകയും 682 വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഫോക്കസ്-3 എന്ന പരിശോധന മോട്ടോർ വാഹന വകുപ്പ് തുടരുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഒരു ത്രിതല പരിശോധന സംവിധാനം കൂടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കോൺട്രാക്ട് കാര്യേജുകൾ / സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ എന്നിവയുടെ നിരീക്ഷണ ചുമതല എ.എം.വി.ഐ/എം.വി.ഐ. എന്നിവർക്ക് വീതിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീതിച്ചു നൽകിയിട്ടുള്ള വാഹനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയമ ലംഘനങ്ങൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡിന്റെ കൺട്രോൾ ചെക്കിംഗിലോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ സൂപ്പർ ചെക്കിംഗിലോ കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പൊതുഗതാഗത വാഹനങ്ങളെ ജി.പി.എസ്. സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നത് ഫലപ്രദമാക്കാൻ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ഡി) | പൊതുഗതാഗത വാഹനങ്ങളെ ജി.പി.എസ് അഥവാ വെഹിക്കിൾ ലോക്കേഷൻ ട്രാക്കിങ് സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിന് കേന്ദ്രീകൃത നിരീക്ഷണ സംവിധാനം (മാസ്റ്റർ കൺട്രോൾ റൂം) ഗതാഗത കമ്മീഷണറേറ്റിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കൺട്രോൾ റൂമിന്റെ (24 x 7) നിരീക്ഷണ പ്രവർത്തികൾക്കായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും, സംശയനിവാരണങ്ങൾക്കായി ഹെൽപ്പ്ഡെസ്ക് സംവിധാനത്തിനായി പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ, ജില്ലാ അടിസ്ഥാനത്തിൽ, ജി.പി.എസ് നിരീക്ഷണ സംവിധാനം ശാക്തീകരിക്കുന്നതിനായി 14 മിനി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ, രണ്ട് ലക്ഷത്തിലധികം പൊതു വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിച്ച്, നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്.<br><br>ജി.പി.എസ് സംവിധാന നിരീക്ഷണ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുള്ളതും നിർദ്ദേശങ്ങൾ യഥാസമയം നൽകി വരികയും ചെയ്യുന്നു. പ്രസ്തുത സംവിധാനത്തിലൂടെ വാഹന ഉടമയ്ക്ക് ഓവർസ്പീഡ്, എമർജൻസി അലർട്ട്, ടിൽറ്റ് അലർട്ട് എന്നിവ ലഭ്യമാകുകയും, അതുവഴി അവർക്ക് ജാഗ്രത പാലിക്കുവാൻ സാധിക്കുകയും അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി ജി.പി.എസ് അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ 'വിദ്യാവാഹിനി' തയ്യാറാക്കി വരുന്നു. ഇതിലൂടെ സ്കൂൾ അധികൃതർക്കും, |

| | | | |
|---|---|---|---|
| | | | രക്ഷകർത്താക്കൾക്കും തങ്ങളുടെ കുട്ടികളുടെ യാത്ര തത്സമയം നിരീക്ഷിക്കുവാൻ സാധിക്കും. ഇതിനായി ഒരു ടോൾ ഫ്രീ നമ്പർ സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തെ ബസുകളുടെ സമയക്രമം ജി.പി.എസ് അധിഷ്ഠിതമായി ഡിജിറ്റൈസ് ചെയ്യുന്നതിനായി റൂട്ട് മാനേജ്മെന്റ് സിസ്റ്റം എന്ന ഒരു പദ്ധതി കൂടി നടപ്പിൽ വരുത്തുന്നുണ്ട്. ഇതു വഴി പൊതു യാത്രാ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക് ബസ്സുകളുടെ സമയക്രമം ഒരു മൊബൈൽ ആപ്പിന്റെ സഹായത്തോടെ അറിയുവാൻ സാധിക്കും.<br><br>സംസ്ഥാനത്തെ ആംബുലൻസുകളെ ജി.പി.എസ് സംവിധാനത്തിലൂടെ നിരീക്ഷണവിധേയമാക്കുന്നതിന്റെ ഭാഗമായി പുതിയൊരു പദ്ധതി ആരോഗ്യ വകുപ്പുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് നടപ്പിൽ വരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ